**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 87** **22-02-2022 - ൽ മറുപടിയ്ക്ക്**

**ചേറ്റുവ-പൊന്നാനി ദേശീയ ജലപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ചേറ്റുവ മുതൽ പൊന്നാനി വരെയുള്ള ദേശീയ ജലപാതയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; | (എ) | വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായുള്ള പൊന്നാനി - ചേറ്റുവ കനാലിന്റെ കോട്ടപ്പുറം മുതൽ അണ്ടത്തോട് വരെയുള്ള ഭാഗത്ത് ദേശീയ ജലപാതയുടെ വികസന വുമായി ബന്ധപ്പെട്ട് കനാലിന് കുറുകെ യുള്ള കേടുപാടുകൾ സംഭവിച്ച 14 പാലങ്ങൾ ദേശീയ ജലപാത നിലവാരമനു സരിച്ച് പുനർ നിർമ്മിക്കുന്നതിന് മുന്നോടി യായി നടത്തേണ്ട മണ്ണ് പര്യവേഷണ പ്രവൃത്തികൾക്ക് അനുമതി നൽകിയിരുന്നു. 10 പാലങ്ങളുടെ മണ്ണ് പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പാലങ്ങളുടെ മണ്ണ് പര്യവേഷണ പ്രവൃത്തികൾ നടത്തുന്നതി നുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പി. സി. കനാലിന്റെ അണ്ടത്തോട് മുതൽ ഭാരതപ്പുഴ വരെയുള്ള ഭാഗത്ത് റോഡു പാലങ്ങളും നടപ്പാലങ്ങളും ഉൾപ്പെടെ 11 ക്രോസ് സ്ട്രക്ചറുകൾ ദേശീയജലപാതാ നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിനാവശ്യമായ മണ്ണ് പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ചു. നിലവിലുള്ള കനാൽ ദേശീയ ജലപാതാ നിലവാരപ്രകാരം 45 മീറ്റർ വീതിയിൽ വീതി കൂട്ടുന്നതിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കുന്നതിലേക്ക് ആവശ്യമായ സർവ്വേ നടപടികളും നിലവിലുള്ള റവന്യൂ ഭൂമിയിൽ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതി നുള്ള നടപടികളും നടന്നു വരുകയാണ്. |
| (ബി) | പദ്ധതി പൂർത്തീകരണത്തിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | കോട്ടപ്പുറം-മുതൽ കോഴിക്കോട് വരെയുള്ള 169 കി.മീ. ജലപാതയെ ദേശീയ ജലപാത 3-ന്റെ എക്സ്റ്റൻഷനായി പ്രഖ്യാപിച്ചിട്ടുള്ളതി നാൽ പ്രസ്തുത ജലപാതയുടെ വികസനം ദേശീയ ജലപാതാ അതോറിറ്റിയുടെ ചുമതലയിലാണ് നടപ്പാക്കപ്പെടുന്നത്. പ്രസ്തുത എക്സ്റ്റൻഷനുവേണ്ടി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) തയ്യാറാക്കിയിട്ടുണ്ട്. അതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ |

| | | | |
|---|---|---|---|
| | | | പൂർത്തീകരണ കാലാവധി നിർണ്ണയിക്കുവാൻ സാധിക്കുക യുള്ളു. |

സെക്ഷൻ ഓഫീസർ